**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4245** **18-07-2022 - ൽ മറുപടിയ്ക്ക്**

**നിയമാനുസൃതമല്ലാത്ത ക്വാറികൾക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിയമാനുസൃതമായി പ്രവർത്തിക്കുന്ന ചെങ്കൽ, കരിങ്കൽ ക്വാറികൾ എത്രയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് നിയമാനുസൃതമായി പ്രവർത്തിക്കുന്ന കരിങ്കൽ,ചെങ്കൽ ക്വാറികൾ എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>കരിങ്കൽ ക്വാറികൾ - 571എണ്ണം<br>ചെങ്കൽ ക്വാറികൾ - 6 എണ്ണം |
| (ബി) | നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ; | (ബി) | നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾക്ക് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015-ലെ ചട്ടം 108 പ്രകാരമുള്ള പിഴ ഈടാക്കി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ ബഹു.കോടതികളിൽ കേസ് ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള തുടർനടപടികളും സ്വീകരിച്ചുവരുന്നു. നിയമാനുസരണം പ്രവർത്തിക്കുന്ന ക്വാറികളുടെ വിവരം മൈനിംഗ് & ജിയോളജി വകുപ്പിന്റെ വെബ് സൈറ്റിൽ (dmg.kerala.gov.in) ലഭ്യമാണ്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിയമാനുസൃതമല്ലാതെ പ്രവൃത്തിക്കുന്ന ക്വാറികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പിഴ ഇനത്തിൽ എത്ര രൂപ ഈടാക്കിയിട്ടുണ്ട്; വിശദമാക്കാമോ? | (സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃത ഖനനം സംബന്ധിച്ചുള്ള പിഴ ഇനത്തിൽ 85,74,53,126/- രൂപ (01/05/2021 മുതൽ 31/05/2022 വരെ) ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ